# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.716 — 29/01/2019 ൽ മറുപടിക്ക്

## പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് അമ്പലങ്ങളിലെ നിയമനം

ചോദ്യം — മറുപടി

ശ്രീ.പി.കെ.അബ്ദു റബ്ബ്

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ദേവസ്വം ബോർഡുകളുടെയും സർക്കാർ രജിസ്ട്രേഷനുള്ള വിവിധ ട്രസ്റ്റുകളുടെയും കീഴിലുള്ള അമ്പലങ്ങളിലെ മുഖ്യ കാർമ്മികനുൾപ്പെടെയുള്ള നിയമനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് നിർബന്ധമായും നിശ്ചിത പ്രാതിനിധ്യം ഉറപ്പാക്കണമെന്ന ആവശ്യം പ്രസ്തുത വിഭാഗക്കാരിൽ നിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ എവിടെ നിന്നെല്ലാം; വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഉണ്ട്.ദേവസ്വം ബോർഡുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ പട്ടികജാതി/ പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് എസ്.എൻ.ഡിപി യൂണിയൻ, ആദിവാസി കാണിക്കാർ സംയുക്ത സംഘം, കേരള ഗണകമഹാ സഭ,കേരള യാദവ സേവാ സമിതി,പിന്നോക്ക സമുദായ ക്ഷേമ സമിതി, കേരള സംസ്ഥാന പട്ടിക ജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ,കേരള ഗണക കണിശ സഭ,അഞ്ചുമന വിശ്വകർമ്മ ധർമ്മോദ്ധാരണ സമാജം , അഖില കേരള പണ്ഡിതർ മഹാ സഭ,ശ്രീരാമ വിലാസം ചവളർ സൊസൈറ്റി തുടങ്ങിയ നിരവധി സംഘടനകൾ ആവശ്യമുന്നയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇത്തരക്കാരുടെ ആവശ്യം പരിഹരിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ; | | (ബി)യും (സി)യും |
| (സി) | പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് മതാരാധനാലയങ്ങളിൽ നിയമനം നൽകി സമത്വം ഉറപ്പാക്കാൻ മുൻകയ്യെടുക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ? | | ദേവസ്വം ബോർഡുകളിലെ പരമ്പരാഗത തസ്തികകൾ , എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകൾ എന്നിവയിലൊഴികെയുള്ള വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ പട്ടികജാതി/ പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗക്കാർക്ക് നിയമപരമായ സംവരണ പ്രാതിനിധ്യം നടപ്പിലാക്കി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ